**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2530** **24-06-2024 - ൽ മറുപടിയ്ക്ക്**

**ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ കമ്പനിയുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇരുമ്പനം, തിരുവല്ല യൂണിറ്റുകളുടെ ഉല്പാദനം ക്രമപ്പെടുത്തി ജീവനക്കാരെ പുനർവിന്യസിച്ച് ലാഭകരമായി പ്രവർത്തിപ്പിക്കുക, പിണറായി ഹൗസ് വയറിങ് കേബിൾ യൂണിറ്റ് 100% ഉത്പാദനശേഷി കൈവരിച്ച് ഒരു സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റ് ആയി നിലനിർത്തുക, ഉത്പന്നങ്ങളുടെ വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, കമ്പനിയുടെ ഇരുമ്പനം യൂണിറ്റിലെ ഇരുപത്തെട്ടോളം ഏക്കർ സ്ഥലം വ്യവസായ ആവശ്യങ്ങൾക്കായി പൊതുമേഖലാ/ സർക്കാർ ഏജൻസികൾക്ക് നൽകി നിലവിലെ സാമ്പത്തിക ബാധ്യതകൾ പരിഹരിക്കുക, തുടങ്ങിയ സാധ്യതകൾ പരിശോധിച്ചുവരികയാണ്. |
| (ബി) | നിലവിൽ കമ്പനി നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ കമ്പനിയ്ക്ക് കെ.എസ്.ഇ.ബിയിൽ നിന്നും ഓർഡറുകൾ ലഭ്യമായിത്തുടങ്ങുകയും മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷ പ്രവർത്തനമൂലധനമായി അനുവദിച്ചിട്ടുള്ള 3.50 കോടി രൂപ ഉപയോഗപ്പെടുത്തി ഓർഡറുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനു സാധ്യമാകുന്നതാണ്. ഇത് കൂടാതെ കമ്പനിയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി റിവൈവൽ പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ലാഭകരമായി പ്രവർത്തിക്കുന്ന പിണറായി യൂണിറ്റിലേക്കും തിരുവല്ല യൂണിറ്റിലേക്കും തൊഴിലാളികളെ പുനക്രമീകരണം നടത്തുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുമോ; | (സി) | പിണറായി, തിരുവല്ല യൂണിറ്റുകൾ പൂർണ്ണതോതിൽ മുഴുവൻ ഷിഫ്റ്റിലും പ്രവർത്തിപ്പിച്ച് ലാഭം നേടിയെടുക്കുന്നതിലേക്കായി ഇരുമ്പനം യൂണിറ്റിലെ തൊഴിലാളികളെ ആവശ്യകതയനുസരിച്ച് പുനർവിന്യസിക്കുന്നതിനായി സുതാര്യമായ ഒരു മാനദണ്ഡം രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തന മൂലധനം ലഭ്യമാക്കി പിണറായി, തിരുവല്ലാ യൂണിറ്റുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ ആകുന്നതോടുകൂടി |

| | | | |
|---|---|---|---|
| | | | ആവശ്യാനുസരണം തൊഴിലാളികളുടെ പുനഃക്രമീകരണം നടത്തുന്നതാണ്. |
| (ഡി) | മാനേജ്മെന്റ് സ്റ്റാഫിനും തൊഴിലാളികൾക്കും ശമ്പളയിനത്തിൽ എത്ര കുടിശ്ശികയുണ്ടെന്നും പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (ഡി) | തൊഴിലാളികൾക്ക് 8 മാസത്തെയും, ഓഫീസർ തസ്തികയിലുള്ളവർക്ക് 10 മാസത്തെയും ശമ്പളം കുടിശ്ശികയാണ്. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 3.50 കോടി രൂപ പ്രവർത്തന മൂലധനമായി ടാക്കോ കേബിൾ കമ്പനിക്ക് അനുവദിച്ച് കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുന്നതോടുകൂടി ശമ്പള കുടിശ്ശികകൾ ഘട്ടം ഘട്ടമായി തീർപ്പാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ